ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:20-09-2024

1. കരകൗശല വിദഗ്ദരെ ശാക്തീകരിക്കാൻ ആരംഭിച്ച പിഎം വിശ്വകർമ്മ പദ്ധതി ഒരു വർഷം പൂർത്തിയാക്കി. രാജ്യത്ത് 500-ഓളം കേന്ദ്രങ്ങലിൽ വിവിധ പരിപാടികൾ. മഹാരാഷ്ട്രയിലെ വാർധയിൽ ഗുണഭോക്താക്കളുമായി സംവദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. അഞ്ച് വർഷത്തേക്ക് 13,000 കോടി രൂപയാണ് പിഎം വിശ്വകർമ്മ പദ്ധതിക്കായി മാറ്റി വെച്ചിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ.
3. കോഴിക്കോട് പിഎം വിശ്വകർമ്മ പദ്ധതി ഗുണഭോക്താക്കളുമായി സംവദിച്ച് കേന്ദ്ര മന്ത്രി സുരേഷ് ഗോപി.
4. എഡിജിപി എം ആർ അജിത് കുമാറിനും, പത്തനംതിട്ട മുൻ ജില്ലാ പൊലീസ് മേധാവി സുജിത് ദാസിനുമെതിരായ പരാതിയിൽ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു.
5. മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ പരാതിപ്പെടാൻ കേന്ദ്രീകൃത വാട്ട്സാപ്പ് സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നു.
6. ചെന്നൈ ടെസ്റ്റിൽ ഇന്ത്യ ഒന്നാം ഇന്നിംങ്സിൽ 376 റൺസിന് പുറത്തായി. ബംഗ്ലാദേശ് ബാറ്റിംഗ് ആരംഭിച്ചു.

*******************************************************************

RNUTVPM

ഹെഡ്ലൈൻ-1

## പിഎം വിശ്വകർമ്മ

പരമ്പരാഗത കലാരൂപങ്ങളെ പുനർനിർമ്മിക്കാനും കരകൗശല വിദഗ്ധരെ ശാക്തീകരിക്കാനും കേന്ദ്രസർക്കാർ ആരംഭിച്ച പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികമാണ് ഇന്ന്. വാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നു. കരകൗശല വിദഗ്ധരുടെ സ്റ്റാളുകൾ പ്രധാനമന്ത്രി സന്ദർശിച്ചു. പദ്ധതി ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും വായ്പകളും വിതരണം ചെയ്യും. ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി രാജ്യത്ത് അഞ്ഞൂറോളം പരിശീലന കേന്ദ്രങ്ങളിലാണ് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത്.

*************************************

ഹെഡ്ലൈൻ-2

## പി.എം വിശ്വകർമ്മ - കേരളം

RNU TVPM

പി എം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷം തിരുവനന്തപുരത്ത് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. കഴക്കൂട്ടം നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമണിൽ നടന്ന പരിപാടിയിൽ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ കേന്ദ്രമന്ത്രി വിതരണം ചെയ്തു. 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അഞ്ചാമത്തെ സാമ്പത്തിക ശക്തിയാവുക എന്ന ലക്ഷ്യം ഇന്ത്യ കൈവരിച്ചു. അഞ്ച് വർഷത്തേയ്ക്ക് 13,000 കോടി രൂപയാണ് പി എം വിശ്വകർമ്മ പദ്ധതിക്കായി മാറ്റി വയ്ച്ചിരിക്കുന്നത്. ജനങ്ങൾ വരുമാനം വർധിപ്പിച്ചാൽ രണ്ട് മൂന്ന്

വർഷത്തിനുള്ളിൽ ഇന്ത്യ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*************************************

ഹെഡ്ലൈൻ-3

**പിഎം വിശ്വകർമ-കോഴിക്കോട്**

പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി കോഴിക്കോട് ഗോവിന്ദ പുരത്തെ നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി. സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ച അദ്ദേഹം കരകൗശല വിദഗ്ധരുമായി സംവദിച്ചു.

*************************************

ഹെഡ്ലൈൻ-4

**വിജിലൻസ് അന്വേഷണം**

എഡിജിപി M.R അജിത്കുമാറിനും പത്തനംതിട്ട ജില്ലാപൊലീസ് മുൻ മേധാവി സുജിത് ദാസിനുമെതിരെ PV അൻവർ എം എൽ എ നല്കിയ പരാതിയിൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടു. സംസ്ഥാന പൊലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹബിന്റെ ശുപാർശ അംഗീകരിച്ചാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. കേസ് അട്ടിമറിക്കൽ, കള്ളക്കടത്ത് സംഘവുമായുള്ള ബന്ധം, അനധികൃത സ്വത്ത് സമ്പാദനം എന്നിങ്ങനെയുള്ള ആരോപണനകളാണ് അന്വേഷിക്കുന്നത്.

*************************************

**ഷിരൂർ തിരച്ചിൽ**

RNU TVPM

കർണാടകയിലെ ഷിരൂരിൽ ഗംഗാവലിപ്പുഴയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ പുനരാരംഭിച്ചു. കാർവാറിൽ നിന്നെത്തിച്ച ഡ്രഡ്ജർ ഉപയോഗിച്ചുള്ള തെരച്ചിൽ തുടങ്ങിയിട്ടില്ല. ശക്തമായ മഴയിൽ കഴിഞ്ഞ ജൂലൈ 16 നുണ്ടായ മണ്ണിടിച്ചിലിലാണ് അർജുനെ കാണാതായത്.

*************************************

**ദേശീയ പാത മേൽപാലം - കണ്ണൂർ (ഇൻട്രോ)**

ദേശീയ പാതയിയിൽ കണ്ണൂർ മേലെചൊവ്വ ജംഗ്ഷനിൽ അനുവദിച്ച മേൽപാലത്തിന്റെ നിർമ്മാണം അടുത്ത മാസം രണ്ടിന് ആരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയിസ്)**

*************************************

**ശ്രീ നാരായണഗുരു സമാധി ദിനം**

ശ്രീ നാരായണഗുരുവിന്റെ 97-ാമത് സമാധിദിനം നാളെ. ശിവഗിരി മഠം നാമജപം, ഉപവാസം, പ്രാർഥന, അന്നദാനം തുടങ്ങിയ ചടങ്ങുകളോടെ മഹാസമാധി ദിനം ആചരിക്കും. സമാധിദിന സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണഗുരുവിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിലും ദിനാചരണ പരിപാടികൾ നടക്കും. മഹാസമാധി ദിനാചരണ സമ്മേളനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

*************************************

RNU TVPM

ഹെഡ്‌ലൈൻ-5

## മാലിന്യമുക്തം നവകേരളം വാട്ട്സാപ്പ്

മാലിന്യങ്ങൾ വലിച്ചെറിയുക, കത്തിക്കുക, മലിനജലം ഒഴുക്കി വിടുക തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ അറിയിക്കാൻ പൊതുജനങ്ങൾക്കായി കേന്ദ്രീകൃത വാട്ട്സാപ്പ് സംവിധാനം യാഥാർഥ്യമായി. 9466 700 800 എന്ന വാട്ട്സാപ്പ് നമ്പറിലൂടെ വിവരങ്ങൾ കൈമാറാം. മലിനീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ട പരാതികൾ പൊതുജനങ്ങൾക്ക് ഈ നമ്പരിലൂടെ അറിയിക്കാം. സംസ്ഥാനത്ത് എവിടെ നിന്നും വാട്സാപ്പിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തുടർ നടപടികൾക്കായി കൈമാറും. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക പിന്തുണയോടെ ശുചിത്വ മിഷൻ ആണ് പദ്ധതി ആവിഷ്കരിച്ചത്.

*************************************

## ലോക ശുചീകരണ ദിനം

ഇന്ന് ലോക ശുചീകരണ ദിനം. നോർവേയിലെ ട്രോംസോ നഗരത്തിൽ നടക്കുന്ന ഉദ്ഘാടനത്തിൽ പരിപാടിയുടെ പ്രമേയം ആർട്ടിക് നഗരങ്ങളും സമുദ്ര മാലിന്യങ്ങളും എന്നതാണ്. ആർട്ടിക് പരിസ്ഥിതിയെ സംരക്ഷിക്കുകയും ആഗോള മാലിന്യ നിർമാർജന ശ്രമങ്ങൾക്ക് ഊർജ്ജം പകരുകയുമാണ് ദിനാചരണത്തിൻറെ ലക്ഷ്യം. കഴിഞ്ഞ വർഷമാണ് ഐക്യരാഷ്ട്രസഭ, യു എൻ ഹാബിറ്റാറ്റിന്റെ നേതൃത്വത്തിൽ ലോക ശുചീകരണ ദിനം ആഘോഷിക്കാൻ തീരുമാനിച്ചത്.

*************************************

## നെഹ്റു ട്രോഫി (ഇൻട്രോ)

19 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ 79 കളിവള്ളങ്ങളാണ് ഇക്കൊല്ലത്തെ നെഹ്റു ട്രോഫി ജലോത്സവത്തിൽ മാറ്റുരയ്ക്കുന്നത്. ഈ മാസം 28 നാണ് വള്ളംകളി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ...**

(വോയിസ്)

*************************************

**പുന്നമട-നെഹ്റു ട്രോഫി പാലം**

ആലപ്പുഴയിലെ പുന്നമട-നെഹ്റു ട്രോഫി പാലം നിർമാണത്തിന് ഇന്ന് തുടക്കമാകും. പുന്നമട ജെട്ടിക്ക് സമീപം മന്ത്രി പി.എ.മുഹമ്മദ് റിയാസ് വൈകിട്ട് നിർമാണ ഉദ്ഘാടനം നിർവഹിക്കും.

*************************************

RNU TVPM

**എറണാകുളം-വീണാ ജോർജ്ജ്**

എറണാകുളം ജില്ലയിലെ ആരോഗ്യ മേഖലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിക്കും. വൈപ്പിൻ, പറവൂർ, ആലുവ, പെരുമ്പാവൂർ, കുന്നത്തുനാട്, പിറവം എന്നിവിടങ്ങളിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 9.18 കോടി രൂപയുടെ വികസന പദ്ധതികളാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

*************************************

ഹെഡ്ലൈൻ-6

**ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ്**

ചെന്നൈയിൽ നടക്കുന്ന ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റിൽ ആദ്യ ഇന്നിങ്സിന്റെ രണ്ടാം ദിനമായ ഇന്ന് ഇന്ത്യ 376 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗ് ആരംഭിച്ച ബംഗ്ലാദേശിന് തുടരെ വിക്കറ്റുകൾ നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 5 വിക്കറ്റിന് 44 റൺസ് എന്ന നിലയിലാണ് ബംഗ്ലാദേശ്.

***********************************

## വനിതാ സൈക്ലിങ്

ദക്ഷിണേന്ത്യ ഖേലോ ഇന്ത്യ വനിതാ സൈക്ലിങ് ചാംപ്യൻഷിപ് കാര്യവട്ടം LNCPE വെലഡ്രോമിൽ ഇന്ന് സമാപിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 150 ൽ ഏറെ മത്സരാർഥികൾ പങ്കെടുക്കുന്നു.

RNU TVPM

***********************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം എഫ്.സിയും തൃശ്ശൂർ മാജിക് എഫ്.സിയും ഏറ്റുമുട്ടും. വൈകിട്ട് 07.30 ന് മലപ്പുറം പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

***********************************

## ഓഹരി വിപണി+സ്വർണ്ണവില

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി വിപണി സൂചിക, സെൻസെസ് 955 പോയിൻറ് ഉയർന്ന് 84,140 ലും, ദേശീയ ഓഹരി സൂചിക, നിഫ്റ്റി 281 പോയിൻറ് നേട്ടത്തിൽ 25,697 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വില ഗ്രാമിന്

60 രൂപ കൂടി 6,885 രൂപയും പവന് 55,080 രൂപയുമാണ് ഇന്നത്തെ വില.

*************************************

## ഓണം - കുടുംബശ്രീ വിറ്റുവരവ്

ഓണം വിപണിയിൽ നേട്ടമുണ്ടാക്കി കുടുംബശ്രീ. 2014 ഓണം വിപണന മേളകൾ വഴി 28.47 കോടി രൂപയുടെ വിറ്റുവരവ് നേടി. മേളയിൽ പങ്കെടുത്ത കുടുംബശ്രീ സംരംഭകർക്കാണ് ഈ വരുമാനം ലഭിക്കുക. 3.6 കോടി രൂപ നേടിയ എറണാകുളം ജില്ലയാണ് മുന്നിൽ.

*************************************

## പനയുൽപ്പന്ന വ്യാപാരം

PRO TVPM

ഭിന്നശേഷിക്കാരുടെ സാമ്പത്തിക പുനരധിവാസം ലക്ഷ്യമിട്ട് പനയുൽപ്പന്ന വ്യാപാരത്തിനായി ബങ്കുകൾ ഒരുക്കി നൽകും. സംസ്ഥാന പനയുൽപ്പന്ന വികസന കോർപറേഷനും സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷനും തമ്മിൽ പദ്ധതി ധാരണപത്രം ഒപ്പിട്ടു.

*************************************

## ഭക്ഷ്യസുരക്ഷാ പരിശോധന

ഓണക്കാലത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ 231 സ്ക്വാഡുകൾ 3881 സ്ഥലങ്ങളിൽ പരിശോധന നടത്തി. 476 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. 108 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവെപ്പിച്ചു.

*************************************

## ഓണം ബമ്പർ വിൽപ്പന

ഒന്നാം സമ്മാനം 25 കോടി രൂപ നൽകുന്ന സംസ്ഥാന ഭാഗ്യക്കുറിയുടെ ഓണം ബമ്പർ വിൽപന 37 ലക്ഷത്തിലേക്ക്. നിലവിൽ 40 ലക്ഷം ടിക്കറ്റാണ് അച്ചടിച്ചത്. അടുത്തമാസം ഒമ്പതിനാണ് നറുക്കെടുപ്പ്. 500 രൂപയാണ് ടിക്കറ്റ് വില.

*************************************

## വൈദ്യുതി

സംസ്ഥാനത്തിന് കുറഞ്ഞ വിലയ്ക്ക് 465 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകൾ പുനഃസ്ഥാപിക്കാനാകില്ലെന്ന, വൈദ്യുതികാര്യ അപ്പലേറ്റ് ട്രിബ്യൂണലിൻറെ ഉത്തരവിനെതിരെ KSEB സുപ്രീംകോടതിയിൽ അപ്പീൽ നൽകി. വീണ്ടും വൈദ്യുതി പ്രതിസന്ധി ഉണ്ടാകുന്നതിനു മുമ്പ് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായാണ് സുപ്രീംകോടതിയെ സമീപിച്ചത്.

*

******************

********************************************************

RNU TVPM